# ഇന്ത്യ- ശ്രീലങ്ക മത്സ്യബന്ധന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ആഭ്യന്തര ഓഹരി ഉടമകളുടെ യോഗം

ജൂലൈ 29, 2016

ഇന്ത്യ- ശ്രീലങ്ക മത്സ്യബന്ധന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് വേണ്ടി ആഭ്യന്തര ഓഹരിഉടമകളുടെ ഒരു യോഗം കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് ഉച്ചതിരിഞ്ഞു (ജൂലൈ 29,2016 ) നടന്നു . കൃഷി കർഷക ക്ഷേമ /ഫിഷറീസ് വകുപ്പ് മന്ത്രി യോഗത്തിൽ അധ്യക്ഷപദം പങ്ക് വച്ചു. ട്രാൻസ്പോർട്, ഹൈവേസ് ആൻഡ് ഷിപ്പിംഗ് സഹമന്ത്രി ശ്രീ രാധാകൃഷ്ണൻ യോഗത്തിൽ സന്നിഹിതനായിരുന്നു

യോഗത്തിൽ തമിഴ്നാട്, പുതുച്ചേരി, ആന്ധ്രാപ്രദേശ്, കർണാടക, കേരള, ഒഡീഷ സംസ്ഥാന ഗവൺമെന്റുകളുടെ പ്രതിനിധികൾ, തമിഴ്നാട്ടിൽ നിന്നും മത്സ്യബന്ധന തൊഴിലാളി സംഘടനയുടെ 13 പ്രതിനിധികൾ , പുതുച്ചേരിയിൽ നിന്നും മത്സ്യബന്ധന തൊഴിലാളി സംഘടനയുടെ 5 പ്രതിനിധികൾ , അവർക്ക് പുറമെ, തീര സംരക്ഷണ സേന , കൃഷി കർഷക ക്ഷേമ വകുപ്പ് മന്ത്രാലയം/ മൃഗസംരക്ഷണ, ക്ഷീരോത്പന്നം, മത്സ്യബന്ധനം , ആഭ്യന്തരം, പ്രതിരോധം, വിദേശകാര്യമന്ത്രാലയം , ഇന്ത്യൻ നേവി, പിഎംഒ എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരും ഉൾപ്പെട്ടിരുന്നു .

ചർച്ചകൾക്ക് ആഗസ്ത് മാസത്തിൽ ഇന്ത്യ സന്ദർശിക്കുവാൻ ഫിഷറീസ് ആൻഡ് അകാട്ടിക് റിസോഴ്സസ് ഡെവലപ്പ്മെന്റ് മന്ത്രിയെ ക്ഷണിച്ച പശ്ചാത്തലത്തിൽ ആണ് യോഗം നടന്നത് . ശ്രീലങ്കയിലെ ഫിഷറീസ് ആൻഡ് അകാട്ടിക് റിസോഴ്സസ് ഡെവലപ്പ്മെന്റ് മന്ത്രി ഇന്ത്യ സന്ദർശിക്കവേ മത്സ്യബന്ധന തൊഴിലാളികളുടെ പ്രശ്നത്തിൽ ശാശ്വതമായ പരിഹാരം കാണാനുള്ള ആവശ്യം ഫെബ്രുവരി 5, 2016 നു നടന്ന ഒൻപതാമത് ഇന്ത്യാ-ശ്രീലങ്ക സംയുക്ത കമ്മീഷൻ യോഗം തീരുമാനിച്ചിരുന്നു

ജൂലൈ 25-26 , 2016 തീയതികളിൽ ഇന്ത്യക്കാരായ 77 മത്സ്യബന്ധന തൊഴിലാളികളെ വിട്ടയക്കുകയും അവരെ ജൂലൈ 27, 2016 നു ഇന്ത്യയിലേക്ക് തിരിച്ചയച്ചതും പെട്ടെന്നു ചർച്ചക്കു പശ്ചാത്തലമായി

സുസ്ഥിരമായ മത്സ്യബന്ധന പ്രവർത്തനങ്ങൾ ആരംഭിക്കുക , മത്സ്യബന്ധന തൊഴിലാളികളുടെ ഉപജീവനമാർഗങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങൾ കേന്ദ്രീകരിച്ചതായിരുന്നു ഇന്ത്യയുടെ ഭാഗത്തുള്ള ഓഹരിയുടമകളുടെ ചർച്ചകൾ

എത്രയും പെട്ടെന്നു പ്രശ്നങ്ങൾ തീർക്കേണ്ടത് വളരെ പ്രധാനമാണ് എന്ന കാര്യത്തിൽ എല്ലാ ഓഹരിയുടമകളും കേന്ദ്ര വിദേശകാര്യമന്ത്രിയോട് യോജിച്ചു. ഈ വിഷയത്തിൽ ശാശ്വതമായ പരിഹാരത്തിന് വേണ്ട ശ്രമങ്ങൾക്ക് സഹായകമാവുന്ന തരത്തിൽ കേന്ദ്രവിദേശകാര്യമന്ത്രി നിർദേശിച്ച വിവിധ കാര്യങ്ങളെ കുറിച്ച് അഭിപ്രായൈക്യം ഉണ്ടായിരുന്നു . ഇന്ത്യയിലെ മത്സ്യബന്ധന തൊഴിലാളികളുടെ വരുമാനമാർഗ്ഗത്തെ ചൊല്ലിയുള്ള ഉത്കണ്ഠകൾക്ക് പരിഹാരമാകാൻ ചില പ്രത്യേക മാർഗങ്ങൾ നിർദേശിക്കുവാൻ കൃഷി കർഷക ക്ഷേമ വകുപ്പ് മന്ത്രാലയം/ മൃഗസംരക്ഷണ, ക്ഷീരോത്പന്ന, മത്സ്യബന്ധന വകുപ്പു എന്നിവ ആവശ്യമായ നടപടികൾ ആർംഭിക്കണം എന്നു തീരുമാനിച്ചു . ഇരു രാജ്യങ്ങളിലേയും മത്സ്യബന്ധന തൊഴിലാളികൾക്ക് അവരുടെ ഉപജീവനമാർഗ്ഗം വളരെ സുരക്ഷിതവും സുസ്ഥിരവുമായ രീതിയിൽ ചെയ്യുവാൻ സഹായിക്കുന്ന തരത്തിൽ പ്രായോഗികവും ഉപയോഗപ്രദവുമായ രീതിയിൽ ഉള്ള പരിഹാരങ്ങൾ തേടുവാൻ ഓഹരിയുടമകളുടെ ഇടയിൽ തീരുമാനിക്കപ്പെട്ടു

ന്യൂഡെൽഹി
ജൂലൈ 29, 2016